തിവാദം നടത്തുന്നതിന്നും ഒരു ഏകീകൃതരൂപം നടപ്പിൽ വരുത്തുന്നതിന്നും വേണ്ടി ഗവർമ്മെണ്ടിൽനിന്നും വല്ല സൌകര്യങ്ങളും ചെയ്തുകൊടുത്തിട്ടുണ്ടോ;

(ഛ) ഇല്ലെങ്കിൽ അക്കാര്യത്തിൽ ഉടനെ വേണ്ട സൌകര്യം ചെയ്തുകൊടുപ്പാൻ ദയവുണ്ടാകുമോ?

റാവുസാഹിബ് ഐ. എൻ. മേനോൻ.— (ഛ) ഇല്ല.

(ഛ) ഖുറാൻ, അറബിക്ക് എന്നീ അദ്ധ്യാപകന്മാർക്ക് പ്രത്യേക ഒരു യോഗം വേണമെന്നു തോന്നുന്നില്ല.

മിസ്റ്റർ വി. കെ. കുട്ടി.— ടീച്ചേഴ്സ് കാൺഫറൻസിൽ ഇവർക്ക് ഈ വിഷയത്തെപ്പറ്റി പ്രതിപാദിക്കുന്നതിന്നു വല്ല സൌകര്യവും ചെയ്തുകൊടുത്തിട്ടുണ്ടോ?

റാവുസാഹിബ് ഐ. എൻ. മേനോൻ.— ടീച്ചേഴ്സ് കാൺഫറൻസ് എന്നു പറയുന്നതു് ഗവമ്മെണ്ടിന്റെ ആഭിമുഖ്യത്തിൽ നടക്കുന്ന ഒരു കാൺഫറൻസാണു്. അതു ഭരിക്കുന്നതിന് ഒരു കമ്മറിയുണ്ടു്. അങ്ങോട്ടയച്ചുകൊടുത്താൽ സ്വീകരിക്കും. കൂടുതൽ വിവരം വേണമെങ്കിൽ അന്വേഷിച്ചു പറയാം.

Registry Office at Cheruthuruthy—petition for.

246. Mr. K. Kunhirama Menon.— Will the Government be pleased to state what action has been taken by the Government on the petition submitted by the Villagers of Desamangalam and Pallur on 20th Meenam 1110, regarding their prayer to open a Registry Office at Cheruthuruthi?

Mr. M. P. Cherian.—The petition was considered and finding no scope for a new Registry Office at Cheruthuruthi, it was ordered that the request cannot be granted.

മിസ്റ്റർ കെ. കുഞ്ഞിരാമമേനോൻ.— കൊച്ചിരാജ്യത്തെ എല്ലാ രജിസ്ട്രാഫീസുകളും സ്കൂപ്പുള്ള സ്ഥലങ്ങളിൽ തന്നെയാണോ ഉള്ളതു്? അതായതു ഈ രജിസ്ട്രാഫീസുകൾ ജനങ്ങളുടെ സൌകര്യത്തിനോ ഗവമ്മെണ്ടിന്റെ ആവശ്യത്തിനോ?

മിസ്റ്റർ എം. പി. ചെറിയാൻ.— ജനങ്ങളുടെ ആവശ്യത്തിന്നും ഗവർമ്മെൻറിന്റെ സൌകര്യത്തിന്നും കൂടിയാണു്.

മിസ്റ്റർ കെ. എം. ഇബ്രാഹിം.— ഗവർമ്മെൻറിന്നു നഷ്ടമുണ്ടെങ്കിലും പൊതുജനങ്ങൾക്കു കുറച്ചു് ആവശ്യമുള്ള സ്ഥലത്തു ഒരു രജിസ്ട്രാഫീസു കൊടുക്കാമോ?

മിസ്റ്റർ എം. പി. ചെറിയാൻ.— ഓരോ വില്ലേജിലും രജിസ്ട്രാഫീസുകളുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ കെ. എം. കുഞ്ഞുമൊയ്തീൻ.— ഗവർമ്മെൻറിന്ന് നഷ്ടം വരുന്ന രജിസ്ട്രാഫീസുണ്ടോ?

മിസ്റ്റർ എം. പി. ചെറിയാൻ.— ഉണ്ട്.

മിസ്റ്റർ കെ. എം. ഇബ്രാഹിം.— അതു് ഏതാണു്?

മിസ്റ്റർ എം. പി. ചെറിയാൻ.— ഏതാണെന്ന നിശ്ചയമില്ല.

മിസ്റ്റർ കെ. എം. ഇബ്രാഹിം.— ഇപ്പോൾ രജിസ്ട്രാഫീസുള്ള സ്ഥലവും ഈ സ്ഥലവും കൂടി താരതമ്യംചെയ്തു നോക്കുമ്പോൾ ഇവിടെ ഒരു രജിസ്ട്രാഫീസു വേണ്ടതാണെന്ന ബോദ്ധ്യമില്ലേ?

മിസ്റ്റർ എം. പി. ചെറിയാൻ.— തോന്നുന്നില്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ.— ഇരിങ്ങാലക്കുടയിൽനിന്ന് വടക്കാഞ്ചേരിക്കു എത്ര മൈൽ ഉണ്ടു്?

മിസ്റ്റർ എം. പി. ചെറിയാൻ.— 9 മൈൽ.

മിസ്റ്റർ കെ. എസ്സ്. പണിക്കർ.— ഞങ്ങളുടെ അറിവിൽ 14 മൈൽ ഉണ്ടെന്നാണു്.

മിസ്റ്റർ ടി. സി. ഇയ്യുക്കുട്ടി.— നഷ്ടം വരാത്ത സ്ഥലങ്ങളിൽ രജിസ്ട്രാഫീസു വച്ചുകൊടുക്കാമോ?

മിസ്റ്റർ എം. പി. ചെറിയാൻ.— നഷ്ടം വരാതിരിക്കയില്ല. ഇല്ലെങ്കിൽ വച്ചുകൊടുക്കാം.

മിസ്റ്റർ കെ. എസ്സ്. പണിക്കർ.— ഇരിങ്ങാലക്കുടനിന്നും ഈ സ്ഥലത്തേക്കു വളരെ ദൂരമുള്ളതുകൊണ്ടും ചെറുതുരുത്തി നിയോജകമണ്ഡലത്തിൽ ധാരാളം ജനങ്ങൾ ഉള്ളതുകൊണ്ടും അവിടെ ഒരു രജിസ്ട്രാഫീസു വേണ്ടതല്ലേ?

മിസ്റ്റർ എം. പി. ചെറിയാൻ.— വടക്കാഞ്ചേരിയിൽ ഉണ്ടു്, പഴഞ്ഞിയിലുണ്ടു്, ചാലക്കുടിയിലുണ്ടു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ.— ചെറുതുരുത്തിയിൽ രജിസ്ട്രി ആഫീസുണ്ടോ?

മിസ്റ്റർ എം. പി. ചെറിയാൻ.— ഈ മൂന്ന സ്ഥലത്തുണ്ടു്.

മിസ്റ്റർ കെ. കുഞ്ഞുരാമമേനോൻ.— ഒരു നിയോജകമണ്ഡലത്തിൽ എത്രവീതമുണ്ടെന്ന പറയുവാൻ ദയവുണ്ടാകുമോ?

മിസ്റ്റർ എം. പി ചെറിയാൻ.— പെട്ടെന്ന പറയുവാൻ സാധിക്കുകയില്ല.

Mr. K. M. Ibrahim.—Is not the fact that one full large Legislative Constituency has not a single Registry Office a point to be considered by the Government? From the face of it it is rather a disability.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ കെ. അയ്യപ്പൻ.— ഒരു മാസത്തിൽ കുറെ ദിവസത്തെക്കെങ്കിലും രജിസ്ട്രർകച്ചേരി നടത്തുവാൻ സൌകര്യമുണ്ടാകുമോ?

മിസ്റ്റർ എം. പി. ചെറിയാൻ.— കുറച്ചു പ്രയാസമുള്ള കാര്യമാണ്.

മിസ്റ്റർ കെ. അയ്യപ്പൻ.— പ്രയാസമെന്താണെന്നു മനസ്സിലാകുന്നില്ല.

മിസ്റ്റർ. എം പി. ചെറിയാൻ.— പ്രധാനമായിട്ട കെട്ടിടം വേണം; സാധനങ്ങൾ സ്റ്റോർചെയ്യുവാനുള്ള സ്ഥലം വേണം.

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി.— റിക്കാട്ട സൂക്ഷിക്കുന്നതിന്ന് സ്ഥലം തരുന്നപക്ഷം നടത്താമോ?

മിസ്റ്റർ എം. പി. ചെറിയാൻ.— എന്നാലും ഗവൺമെൻറിനു ചിലവുണ്ട്.

മിസ്റ്റർ പി. കെ. കുട്ടി.— ജനങ്ങളുടെ സൌകര്യത്തിനു വേണ്ടിയല്ലേ രജിസ്ട്രാഫീസ്സ്?

മിസ്റ്റർ എം. പി. ചെറിയാൻ.— ബസ്സു സർവ്വീസ്സും മറ്റുമുള്ളതുകൊണ്ട് ജനങ്ങൾക്കു രജിസ്ട്രാഫീസിൽ പോകുവാൻ യാതൊരു ബുദ്ധിമുട്ടമില്ല.

മിസ്റ്റർ കെ. എം. ഇബ്രാഹിം.— ബസ്സും കാറും തീവണ്ടിയും മറ്റുമുള്ളതുകൊണ്ട് ഈ കൊച്ചീ രാജ്യത്തിൽ ആകെ ഒരൊറ രജിസ്ട്രാഫീസു മതിയെന്നു വെക്കുവാൻ ഗവൺമെൻറിനു ഭയമുണ്ടാകുമോ?

മിസ്റ്റർ എം. പി. ചെറിയാൻ — ഇല്ല.

Mr. E. Ikkanda Warriar.—In calculating whether a registry office is working at a profit or loss does the Government take into consideration the amount they receive by way of filing fees by working the Company Act and also the Kuri Regulation?

Mr. M. P. Cherian.—No.

Mr. E. Ikkanda Warriar.—May I know whether if they take into account these accounts also, the registry offices as a whole will be working at a profit?

Mr. M. P. Cherian.—I want notice.

മിസ്റ്റർ കെ. കുഞ്ഞുരാമമേനോൻ.— ഒരു ഹർജി കിട്ടിയാൽ ഒന്നു പരീക്ഷിച്ചു നോക്കാമോ?

മിസ്റ്റർ എം. പി. ചെറിയാൻ.— നഷ്ടമാണെന്നു ബോദ്ധ്യമാണ്. പിന്നെ എന്തിനാണു പരീക്ഷിക്കുന്നതു; അതു പണമൊന്നും ഗവർമ്മെൻറിനില്ല.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ കെ. കുഞ്ഞുരാമമേനോൻ.— ഈ സംഗതി ആലോചിക്കാമോ?

മിസ്റ്റർ എം. പി. ചെറിയാൻ.— ആലോചിക്കുന്നതിനു വിരോധമില്ല.

Hostel for Depressed Class girl students.

247. മിസ്റ്റർ വി. എസ്സ്. കൃഷ്ണൻ വൈദ്യർ.— താഴെ പറയുന്ന ചോദ്യത്തിനു ഗവൺമെണ്ടു് ദയവായി മറുപടി പറയുമോ.

അധഃകൃത വിദ്യാർത്ഥി ബാലികമാർക്കു താമസിച്ചു പഠിയ്ക്കുവാൻ ഒരു ഹോസ്റ്റൽ തുറക്കുവാൻ ഗവൺമെണ്ടിനു ദയവുണ്ടാകുമോ?

മിസ്റ്റർ എം. പി. ചെറിയാൻ.— ഹോസ്റ്റലിൽ താമസിക്കുവാൻ അധഃകൃത ബാലികമാർക്കു സമ്മതമുള്ള പക്ഷം അവർക്കുവേണ്ടി ഒരു ഹോസ്റ്റൽ തുറക്കുവാൻ ആലോചിക്കുന്നതാണു്.

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ.— എവിടെയാണു് ഇതു സ്ഥാപിക്കുവാൻ ആലോചിച്ചിട്ടുള്ളതു്?

മിസ്റ്റർ എം. പി. ചെറിയാൻ.— ഹോസ്റ്റൽ സ്കൂളിനോടുതന്നെയായിരിക്കും.

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ.— എത്ര അധഃകൃത ബാലിക വിദ്യാർത്ഥികളുണ്ടെന്നു പറയാമോ?

മിസ്റ്റർ എം. പി. ചെറിയാൻ.— നോട്ടീസ്സു വേണം

മിസ്റ്റർ കെ. എം. കുഞ്ഞുമൊയ്തീൻ.— ഹോസ്റ്റൽ തുറക്കുവാൻ സമ്മതമാണോ?

മിസ്റ്റർ എം. പി. ചെറിയാൻ.— ആലോചിക്കാമെന്നു പറയുന്നതിൽ പെട്ടതാണു് ഇതു്.

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ.— ഈ ഔണിന്നുള്ളിൽ ഹോസ്റ്റലിൽ താമസിക്കുന്നതിനു് എത്ര അധഃകൃത വിദ്യാർത്ഥികൾ ഉണ്ടു്?

മിസ്റ്റർ എം. പി. ചെറിയാൻ.— നോട്ടീസ്സു വേണം.

Building more houses in Depressed Class Colonies.

248. മിസ്റ്റർ വി. എസ്സ്. കൃഷ്ണൻ വൈദ്യർ.— ഇരിങ്ങാലക്കുട, കടപ്പുറ്റേരി, പുല്ലൂർ എന്നീ കോളനികളിൽ എത്ര പുരകൾ വീതം ഇക്കൊല്ലത്തിൽ പണിതു കൊടുക്കുവാൻ ഗവൺമെണ്ടു വിചാരിക്കുന്നുണ്ടു്;

LIBRARY ARCHIVES Kerala Legislative Assembly